# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1780

11.02.2013-ലെ മറുപടിക്ക്

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) 2012 - 2013 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആകെ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു ; പ്രസ്തുത തുക എത്ര ഘട്ടങ്ങളിലായി തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് അനുവദിക്കുകയുണ്ടായി എന്നും ഏതെല്ലാം തീയതികളിലായിരുന്നുവെന്നും വ്യക്തമാക്കുമോ ; | എ) 4851.77225 കോടി രൂപ. വികസന ചെലവുകൾക്കുള്ള വിഹിതം ഇതുവരെ ഒമ്പത് തവണകളായി 27/07/2012, 13/08/2012, 04/09/2012, 11/09/2012, 14/09/2012, 29/10/2012, 06/11/2012, 26/11/2012, 19/12/2012 എന്നീ തീയതികളിലും പരമ്പരാഗത ചെലവുകൾക്കുള്ള വിഹിതം ഇതുവരെ പതിനൊന്ന് തവണകളായി 22/05/2012, 06/06/2012, 06/07/2012, 26/07/2012, 09/08/2012, 13/09/2012, 01/10/2012, 17/11/2012, 26/11/2012, 07/01/2013, 31/01/2013 എന്നീ തീയതികളിലും സംരക്ഷണ ചെലവുകൾക്കുള്ള വിഹിതം ഇതുവരെ 10 തവണകളായി 02/05/2012, 06/06/2012, 13/07/2012, 04/09/2012, 18/09/2012, 15/10/2012, 01/11/2012, 07/11/2012, 26/11/2012, 18/01/2013 എന്നീ തീയതികളിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണത്തിനായി അനുവദിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| ബി) | 2012-13-ലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചത് ഏത് തീയതിയിലായിരുന്നു ; | ബി) | 15.06.2012-ൽ |
| സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർ സമർപ്പിച്ച പദ്ധതികൾക്ക് ഏത് തീയതി വരെ അനുമതി നൽകുകയുണ്ടായി : ഏറ്റവും ഒടുവിൽ പദ്ധതിക്ക് അനുമതി നൽകിയത് ഏത് തീയതിയിലായിരുന്നു ; | സി) | ഗ്രാമ പഞ്ചായത്തുകൾക്ക് 2013 ജനുവരി 3 വരെയും, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് 2013 ജനുവരി 15 വരെയും. കൂടാതെ പ്രത്യേക അനുമതിയും നൽകി വരുന്നു. |
| ഡി) | പദ്ധതി നിർവ്വഹണത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിച്ച സമയം എത്രയായിരുന്നു ; | ഡി) | 2012-13 വാർഷിക പദ്ധതി നിർവ്വഹണത്തിനായി 31.03.2013 വരെ സമയമുണ്ട്. |
| ഇ) | ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയ തദ്ദേശസ്ഥാപനങ്ങൾക്കുള്ള മൊത്തം തുകയിൽ എത്ര തുക ചെലവഴിക്കപ്പെടുകയുണ്ടായി ? | ഇ) | 31.12.2012 വരെയുള്ള കണക്കു പ്രകാരം 392.39 കോടി ചെലവഴിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ